LIBRARY ARCHIVES Kerala Legislative Assembly

ബി.ഡി.ഒ. തസ്തികയിലുള്ള ഒഴിവുകൾ

167 (4602) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.ഡി.ഒ. തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) നേരിട്ടുള്ള നിയമനത്തിലൂടെ നികത്തപ്പെടാൻ ബി.ഡി.ഒ.-മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) നേരിട്ടുള്ള നിയമനംവഴി ബി.ഡി.ഒ. തസ്തികയിലേക്ക് നിയമിക്കപ്പെടാൻ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ ഗ്രാമവികസന വകുപ്പിൽ നിന്നുള്ള എത്ര പേരുണ്ടെന്നും എത്രപേരെ ഇതിനകം നിയമിച്ചുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 ഒഴിവുകൾ.

(സി) നേരിട്ടുള്ള നിയമനത്തിന് 5 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ബി.ഡി.ഒ. തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം നടത്താൻ പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരുടെ നിയമനം

168 (4603) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരുടെ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നും 6 മാസത്തിനുള്ളിൽ എത്ര പേരെക്കൂടി നിയമിക്കും എന്നും വെളിപ്പെടുത്തുമോ ;

(സി) തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എത്ര വി.ഇ.ഒ.മാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) വി.ഇ.ഒ.മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ?